# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3030 — 18-10-2016 ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

**ശ്രീ.മോൻസ് ജോസഫ്**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലെ അധിക വിഭവ സമാഹരണം**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ അവതരിപ്പിച്ച അധിക വിഭവ സമാഹരണത്തിലൂടെ കഴിഞ്ഞ മൂന്ന് മാസം എത്ര രൂപയുടെ വരുമാനം സംസ്ഥാന ഖജനാവിനുണ്ടായി എന്ന് വ്യക്തമാക്കാമോ; | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ വിവിധ സ്രോതസ്സുകളിൽ നിന്ന് അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ഇതേവരെ ലഭിച്ച വരവിന്റെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും ലഭ്യമായത് ഉൾപ്പെടെ 2016 ആഗസ്റ്റ് 31 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 19216.85 കോടി രൂപയാണ്. |
| (ബി) | ഭാഗാധാരങ്ങളുടെ നിരക്ക് വർദ്ധനവ് മൂലം ഈ കഴിഞ്ഞ മാസം എത്ര രൂപയുടെ അധിക വിഭവസമാഹരണം തൊട്ട് മുൻവർഷത്തെ മൂന്ന് മാസവുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായി എന്ന് വ്യക്തമാക്കാമോ; | 2016 ആഗസ്റ്റ് 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം രജിസ്ട്രേഷനിൽ നിന്നുള്ള വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനേക്കാൾ 58.3 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ ഭാഗാധാരങ്ങളുടെ നിരക്ക് വർദ്ധനവ് മൂലം ലഭിച്ചിട്ടുള്ള അധിക വരുമാനവും ഉൾപ്പെടുന്നു. ഇതു സംബന്ധിച്ച് വേർതിരിച്ച കണക്ക് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. |
| (സി) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എത്ര പദ്ധതികൾക്ക് അനുമതി നൽകിയെന്നും ശേഷിക്കുന്ന പ്രഖ്യാപനങ്ങൾ ഇപ്പോൾ ഏത് സ്റ്റേജിൽ ആണെന്നും വ്യക്തമാക്കാമോ? | ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന സ്വീകരിച്ചു വരികയാണ്. കൂടാതെ മാന്ദ്യവിരുദ്ധ പാക്കേജിലും പ്രത്യേക നിക്ഷേപ പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ കിഫ്ബി വഴി നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**